# 2009 ഡിസംബർ 20 ഞായർ, വചനവിചിന്തനം

## മത്തായി. 1 : 18–25

### യേശുവിന്റെ ജനനം

ദൈവികപദ്ധതികൾ ഇതൾ വിരിയുന്നതിന്റെ ചരിത്രമാണ് ബൈബിൾ. ആദത്തിന്റെ സൃഷ്ടിമുതൽ ദൈവം തന്റെ പദ്ധതിയുടെ തണലിലാണ് മനുഷ്യനെ വളർത്തുന്നത് ''എനിക്കു നിന്നെക്കുറിച്ചൊരു പദ്ധതിയുണ്ട് അതു നിന്റെ നാശത്തിനുള്ളതല്ല, ക്ഷേമത്തിനുള്ളതാണ്'' എന്ന പ്രവാചക വചനത്തിന്റെ പെരുമയും ഇതുതന്നെ. പഴയനിയമത്തിലെ ഇസ്രയേലിന്റെ യാത്ര പുതിയനിയമത്തിൽ ഒരു രക്ഷാകര അനുഭവത്തിന്റെ പടിവാതിൽക്കൽ നിൽക്കുമ്പോഴും ഈ ദൈവികപദ്ധതിയുടെ മേഘസ്തംഭം നാം കാണുന്നു. ഈശോയുടെ ജനനം അതാണ് സൂചിപ്പിക്കുന്നത്.

### ഓരോ കൂടിക്കാഴ്ചയും, കുടുംബബന്ധവും ദൈവികപദ്ധതി.

ഉൽപ്പത്തി പുസ്തകത്തിന്റെ 24-ാം അദ്ധ്യായത്തിൽ അബ്രാഹം തന്റെ മകനായ ഇസഹാക്കിന് വധുവിനെ അന്വേഷിച്ച് ഭൃത്യനെ വിടുമ്പോൾ പറയുന്നു. ''ആകാശത്തിന്റെ ദൈവമായ കർത്താവ് തന്റെ ദൂതനെ നിനക്കുമുമ്പേ അയയ്ക്കും നീ അവിടെ നിന്ന് എന്റെ മകന് ഭാര്യയെ കണ്ടെത്തും'' ( ഉൽപ്പ 24: 7). കർത്താവിന്റെ അനുഗ്രഹമുള്ളവന്റെ(ഉൽപ്പ 24:1) മുമ്പിൽ ദൈവം യാത്രചെയ്യുന്ന മനോഹരമായ അനുഭവം.

ഓരോ കുടുംബവും ദൈവിക പദ്ധതിയിലുള്ള കൂടിച്ചേരലുകളാണ്, ഇത് ദാമ്പത്യത്തിൽ ഒരു തിരിച്ചറിവാകണം. ഈ തിരിച്ചറിവ് നഷ്ടപ്പെടുന്നിടത്താണ് ദാമ്പത്യപരാജയങ്ങളുടെ എണ്ണം വർദ്ധിക്കുന്നത്. ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ (മത്തായി 19:6). ദൈവികപദ്ധതിയിൽ ദൈവം യോജിപ്പിച്ചതാണ് ഓരോ കുടുംബവും. ഈ ബോദ്ധ്യമുള്ളിടത്താണ് ദൈവസാന്നിദ്ധ്യങ്ങൾ ഉണ്ടാകുന്നത്. യൗസേപ്പിതാവിന്റെ ജീവിതത്തിലെ ഒരു കലുഷിത യാഥാർഥ്യമായിരുന്നു തന്റെ ഭാര്യ താനറിയാതെ ഗർഭിണിയായി എന്നുള്ളത്. അവിടെയും ദൈവിക ഇടപെടലിന്റെ പ്രതീകമായി ഒരു ദൈവദൂതൻ വിശുദ്ധ യൗസേപ്പിനെ ധൈര്യപ്പെടുത്തുന്നുണ്ട് (മത്തായി 20:23) ദൈവികസാന്നിദ്ധ്യത്തെ തിരിച്ചറിയുന്ന യൗസേപ്പ് ദൈവതിരുമനസ്സിനോട് പിന്നീട് പൂർണ്ണമായും ക്രിയാത്മകമായും പ്രതികരിച്ചു എന്നത് യാഥാർത്ഥ്യം.

ദൈവം വഴി നടത്തുമ്പോൾ കുടുംബ ജീവിതത്തിന്റെ ഏത് ഇരുണ്ട ഇടവഴികളിലും പ്രതീക്ഷയോടെ ജീവിക്കാനും ക്രിയാത്മകമായി പ്രതികരിക്കാനും കഴിയും. മക്കളില്ലാതിരുന്ന ഏൽക്കാനായുടെ ഭാര്യ ഹന്നയെ സാമുവലിന്റെ ഒന്നാം പുസ്തകം ഒന്നാം അദ്ധ്യായത്തിൽ നാം കാണുന്നുണ്ട് ഇസ്രായേലിന്റെ ദൈവം നിന്റെ പ്രർത്ഥന സാധിച്ചുതരട്ടെ (1 സാമുവൽ 1:17) എന്ന ഏലി പുരോഹിതന്റെ വാക്ക് കേട്ടതിൽപിന്നെ ഹന്നയുടെ മുഖം മ്ലാനമായില്ല എന്നു പറയുമ്പോൾ ദൈവിക പദ്ധതിയോടുള്ള അവളുടെ ക്രിയാത്മകമായ പ്രതികരണം വ്യക്തമാകുന്നു. ഫലമോ അവൾ ആഗ്രഹിച്ചതുപോലെ ഒരു പുത്രനെ ദൈവം നല്കുന്നു.

**<u>ദൈവിക പദ്ധതിയോടുള്ള സഹകരണങ്ങൾ കുടുംബത്തെ എമ്മാനുവേൽ അനുഭവങ്ങളുടെ വേദിയാക്കും.</u>**

പരി. അമ്മയും യൗസേപ്പിതാവും തങ്ങളെക്കുറിച്ചുള്ള ദൈവികപദ്ധതികളെ ജീവിതത്തിൽ സംശയലേശമെന്യേ സ്വീകരിച്ച് ദൈവീക വഴികളിൽ യാത്ര ആരംഭിച്ചപ്പോൾ അവരുടെ കുടുംബത്തിൽ എമ്മാനുവേൽ ജാതനായി. ദൈവം കൂടെ വസിക്കുന്ന അനുഭവമാണ് ഓരോ കുടുംബങ്ങളുടേയും മൂലക്കല്ല്. ഈ ദൈവാനുഭവങ്ങളുടെ നീർച്ചാലുകൾ വറ്റിവരളുമ്പോളാണ് ജീവിതം നിരാശയിലേയ്ക്ക് കൂപ്പുകുത്തുന്നത്.

ആധുനീക ലോകത്തിന്റെ മുഖമുദ്രയെന്നോണം വഴിതെറ്റിയ കൗമാരങ്ങൾ അതും ക്രിസ്തീയ കൗമാരങ്ങൾ സമൂഹത്തിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുമ്പോൾ പുതിയ ഒരു തിരിച്ചറിവ് ആവശ്യമാണ്. മക്കൾ എമ്മാനുവേൽ അനുഭവങ്ങൾ കുടുംബത്തിൽ സൃഷ്ടിക്കാത്തപ്പോൾ തിരിച്ചറിയുക, ദൈവീക പദ്ധതികളോടുള്ള തിരസ്കരണം കുടുംബബന്ധത്തിൽ എവിടെയോ അറിഞ്ഞോ, അറിയാതെയോ കടന്നുകൂടിയിരിക്കുന്നു എന്ന യാഥാർത്ഥ്യം.

ഈ ക്രിസ്തുമസ് കാലഘട്ടത്തിൽ ദൈവീകതീരുമാനങ്ങളോട് സഹകരിക്കുന്ന പ്രകാശമുള്ള കുടുംബങ്ങളേക്കുറിച്ചുള്ള ചിന്തകൾ സൃഷ്ടിക്കപ്പെടട്ടെ. പൗലോസ് ശ്ലീഹാ എഫേസോസുകാരെ ഉദ്ബോധിപ്പിക്കുന്നതുപോലെ പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കാം(എഫേസോസ് 5:19). ''അവിടുത്തെ നോക്കിയവർ പ്രകാശിതരായി (സങ്കീർത്തനം 34:5)'' ക്രിസ്തുവിനെ നോക്കി ജീവിക്കുക എന്നതാണ് പ്രധാനം. കർത്താവിന് പ്രസാദകരമായത് വിവേചിച്ചറിഞ്ഞ് (എഫേസോസ് 5:10) കുടുംബങ്ങളെ ദൈവിക പദ്ധതികളുടെ സ്വീകാര്യതയുടെ വിളനിലങ്ങളാക്കി മാറ്റാം.അവിടെ എമ്മാനുവേൽ അനുഭവങ്ങൾ അന്യമാകാതിരിക്കാം.

ദൈവികപദ്ധതികളോട് പ്രതികരിക്കുന്ന ക്രിസ്തീയകുടുംബങ്ങളിലാണ് എന്നും എമ്മാനുവേൽ അനുഭവത്തിന്റെ നക്ഷത്രവിളക്കുകൾ കെടാവിളക്കുകളാകുന്നത് ക്രിസ്തീയ സാക്ഷ്യത്തിന്റെ ദീപഗോപുരങ്ങളാകാൻ നമ്മുടെകുടുംബങ്ങളെ പ്രകാശിതമാക്കി പ്രശോഭിപ്പിക്കണം (എഫേസോസ് 5:13) എന്നു പ്രാർത്ഥിക്കാം.

**ഫാ. ജോസഫ് പാറക്കടവിൽ**